ഭരണഭാഷ-മാതൃഭാഷ

ജില്ലാ കളക്ടറേറ്റ്, മലപ്പുറം
സിവിൽ സ്റ്റേഷൻ ,പിൻ:676505
ഫോൺ : 0483 2734922, ഫാക്സ് : 0483 2730010
ഇമെയിൽ: dcm.ker@nic.in

**മലപ്പുറം ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാൻ & ജില്ലാ കളക്ടറുടെ നടപടിക്രമം**

(ഹാജർ :- **വി.ആർ വിനോദ്** ഐ.എ.എസ്)

വിഷയം:- ദുരന്തനിവാരണം - നിപ രോഗനിർവ്യാപന പ്രതിരോധ / ലഘൂകരണ പ്രവർത്തനങ്ങൾ - കർശന നിയന്ത്രണങ്ങൾ - ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന:- ബഹു.ആരോഗ്യവകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 20.07.2024 ന് ചേർന്ന യോഗതീരുമാനം

---

**ഉത്തരവ് നമ്പർ : DCMPM/8030/2024-DM1 തീയ്യതി : 20.07.2024**

---

മലപ്പുറം ജില്ലയിൽ പാണ്ടിക്കാട് പഞ്ചായത്തിൽ നിപ രോഗം സ്ഥിരീകരിച്ചിട്ടുള്ള സാഹചര്യത്തിൽ രോഗ വ്യാപനം തടയുന്നതിന്റെയും, രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിപ്പെടുത്തുന്നതിന്റെ ഭാഗമായി കർശന നിയന്ത്രങ്ങൾ ഏർപ്പെടുത്തുന്നതിന് ബഹു.ആരോഗ്യവകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 20.07.2024 ന് ചേർന്ന യോഗം തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാൻ എന്ന നിലയിൽ ദുരന്തനിവാരണ നിയമം 2005 വകുപ്പ് 26(2) പ്രകാരവും, പൊതുജനാരോഗ്യ നിയമം 2023 വകുപ്പ് 42 പ്രകാരവും എന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് മലപ്പുറം ജില്ലയിൽ പൊതുവെയും പാണ്ടിക്കാട്, ആനക്കയം ഗ്രാമപഞ്ചായത്ത് പരിധികളിൽ പ്രത്യേകിച്ചും ഉടൻ പ്രാബല്യത്തിൽ താഴെ കാണും പ്രകാരമുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു.

<u>മലപ്പുറം ജില്ലയിലെ പൊതു നിന്ത്രണങ്ങൾ</u>

1. പൊതുജനങ്ങൾ കൂട്ടം കൂടുന്നത് പരമാവധി ഒഴിവാക്കേണ്ടതാണ്.
2. പൊതുജനങ്ങൾ പുറത്തിറങ്ങുന്ന സമയത്തും, യാത്രകളിലും, മറ്റ് കൂടിച്ചേരലുകളിലും നിർബന്ധമായും മാസ്ക് ധരിച്ചിരിക്കേണ്ടതാണ്.
3. സ്കൂൾ വിദ്യാർത്ഥികൾ, അധ്യാപകർ എന്നിവർ സ്കൂൾ പ്രവർത്തി സമയങ്ങളിൽ നിർബന്ധമായും മാസ്ക് ധരിച്ചിരിക്കേണ്ടതാണ്.
4. കല്യാണം/മരണം/മറ്റ് ആഘോഷങ്ങൾ എന്നിവയിലും കൂടിച്ചേരലുകൾ പരമാവധി കുറക്കേണ്ടതും, സാമൂഹിക അകലം പാലിക്കേണ്ടതുമാണ്.
5. പനി മുതലായ രോഗ ലക്ഷണങ്ങൾ കാണുന്ന സമയത്ത് സ്വയം ചികിൽസിക്കാൻ പാടില്ലാത്തതും, ഒരു രജിസ്റ്റേഡ് മെഡിക്കൽ പ്രാക്ടീഷണറുടെ ഉപദേശം തേടേണ്ടതുമാണ്.
6. പക്ഷികൾ, വവ്വാലുകൾ , മറ്റ് ജീവികൾ കടിച്ചതോ, ഫലവൃക്ഷങ്ങളിൽ നിന്നും താഴെ വീണ് കിടക്കുന്നതോ ആയ പഴങ്ങൾ യാതൊരു കാരണവശാലും കഴിക്കാൻ പാടുള്ളതല്ല. പഴം, പച്ചക്കറികൾ എന്നിവ നന്നായി കഴുകിയതിനു ശേഷം മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.
7. പനി, ഛർദ്ദി മറ്റ് ശാരീരിക അസ്വസ്ഥതകൾ അനുഭവപ്പെടുന്ന പക്ഷം രജിസ്റ്റേഡ് മെഡിക്കൽ പ്രാക്ടീഷണറുടെ ഉപദേശം തേടേണ്ടതും ഇവ പകരുന്ന സാഹചര്യം ഉണ്ടാവുകയാണെങ്കിൽ 0483-2732010, 0483-2732050, എന്നീ നമ്പരുകളിൽ വിളിച്ച് അറിയിക്കേണ്ടതാണ്.

പാണ്ടിക്കാട്, ആനക്കയം ഗ്രാമപഞ്ചായത്തുകളിലെ പ്രത്യേക നിയന്ത്രണങ്ങൾ

1. പൊതുജനങ്ങൾ കൂട്ടം കൂടാൻ പാടുള്ളതല്ല.
2. പാണ്ടിക്കാട്, ആനക്കയം ഗ്രാമപഞ്ചായത്തുകളിൽ വ്യാപാര സ്ഥാപനങ്ങൾ രാവിലെ 10 മുതൽ വൈകുന്നേരം 5 മണി വരെ മാത്രമേ പ്രവർത്തിക്കാൻ പാടുള്ളൂ. മെഡിക്കൽ സ്റ്റോറുകൾക്ക് ഈ നിയന്ത്രണം ബാധകമല്ല.
3. പാണ്ടിക്കാട്, ആനക്കയം ഗ്രാമപഞ്ചായത്തുകളുടെ പരിധിയിൽ സിനിമാ തിയേറ്ററുകൾ പ്രവർത്തിക്കുവാൻ പാടുള്ളതല്ല.
4. പാണ്ടിക്കാട്, ആനക്കയം ഗ്രാമപഞ്ചായത്തുകളുടെ പരിധിയിൽ വരുന്ന പ്രദേശങ്ങൾ ദൃശ്യമാധ്യമ പ്രവർത്തകർ സന്ദർശിക്കുവാനോ, വാർത്തകൾ ചിത്രീകരിക്കുവാനോ പാടുള്ളതല്ല. ഈ പ്രദേശങ്ങളിലെ വാർത്തകളും ചിത്രങ്ങളും PRD മുഖേന ദൃശ്യമാധ്യമങ്ങൾക്ക് ലഭ്യമാക്കുന്നതായിരിക്കും.
5. പാണ്ടിക്കാട്, ആനക്കയം ഗ്രാമപഞ്ചായത്തുകളുടെ പരിധിയിൽ വരുന്ന സ്കൂളുകൾ, കോളേജുകൾ, മദ്രസ്സകൾ അംഗനവാടികൾ, ട്യൂഷൻ സെന്ററുകൾ എന്നിവ പ്രവർത്തിപ്പിക്കുവാൻ പാടുള്ളതല്ല.

മേൽ ഉത്തരവ് കർശനമായും പാലിക്കപ്പെടുന്നുണ്ടെന്ന് ജില്ലാ പോലീസ് മേധാവി ഉറപ്പ് വരുത്തേണ്ടതാണ്. മേൽ ഉത്തരവ് ലംഘിക്കുന്നവർക്കെതിരെ 1897 ലെ പകർച്ച വ്യാധി തടയൽ നിയമം, 2005 ലെ ദുരന്തനിവാരണ നിയമം, ഭാരതീയ ന്യായ സംഹിത സെക്ഷൻ 223 എന്നിവ പ്രകാരം ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതാണ്.

ഇനിയൊരുത്തരവുണ്ടാകുന്നതു വരെ മേൽ പ്രതിപാദിച്ച നിയന്ത്രണങ്ങൾ ബാധകമായിരിക്കും.

20.7.24

ചെയർമാൻ, ജില്ലാ ദുരന്തനിവാരണ അതോറിറ്റി &
ജില്ലാ കളക്ടർ, മലപ്പുറം

പകർപ്പ് :- 1)ജില്ലാ പോലീസ് മേധാവി, മലപ്പുറം (ജില്ലയിലെ എല്ലാ സ്റ്റേഷൻ ഹൗസ് ഓഫീസർമാർ ക്കും ഈ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്.)

2 )ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), മലപ്പുറം.(ജില്ലയിലെ എല്ലാ മെഡിക്കൽ ഓഫീസർമാർക്കും ഈ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്)

3)ജില്ലാ ഇൻഫർമേഷൻ ഓഫീസർ, മലപ്പുറം (പത്ര-ദൃശ്യ മാധ്യമങ്ങളിൽ പരസ്യപ്പെടുത്തുന്നതിനായി)

4)ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, മലപ്പുറം (ജില്ലയിലെ എല്ലാ തദ്ദേശ സ്ഥാപന സെക്രട്ടറിമാർക്കും ഈ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്

5)എല്ലാ ജില്ലാ തല വകുപ്പ് മേധാവിമാർക്കും

ഭരണഭാഷ-മാതൃഭാഷ

ജില്ലാ കളക്ടറേറ്റ്, മലപ്പുറം
സിവിൽ സ്റ്റേഷൻ .പിൻ :676505
ഫോൺ : 0483 2734922, ഫാക്സ് : 0483 2730010
ഇമെയിൽ : dcm.ker@nic.in

**മലപ്പുറം ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാൻ & ജില്ലാ കളക്ടറുടെ നടപടിക്രമം**

(ഹാജർ :- **വി.ആർ വിനോദ്** ഐ.എ.എസ്)

വിഷയം: ദുരന്തനിവാരണം - നിപ രോഗനിർവ്യാപന പ്രതിരോധ / ലഘൂകരണ പ്രവർത്തനങ്ങൾ - കർശന നിയന്ത്രണങ്ങൾ - ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന:- 1)മലപ്പുറം ജില്ലാ ദുരന്തനിവാരണ അതോറിറ്റി, ചെയർമാന്റെ 20.07.2024 ലെ DCMPM/8030/2024-DM1 നം ഉത്തരവ്.

2)ബഹു.ആരോഗ്യ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ 21.07.2024 ന് ചേർന്ന യോഗതീരുമാനം

---

**ഉത്തരവ് നമ്പർ : DCMPM/8030/2024-DM1** തിയ്യതി : 21.07.2024

---

മലപ്പുറം ജില്ലയിൽ പാണ്ടിക്കാട് പഞ്ചായത്തിൽ നിപ രോഗം സ്ഥിരീകരിച്ചിട്ടുള്ള സാഹചര്യത്തിൽ രോഗ വ്യാപനം തടയുന്നതിന്റെയും, രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിപ്പെടുത്തുന്നതിന്റെയും ഭാഗമായി പാണ്ടിക്കാട്, ആനക്കയം ഗ്രാമപഞ്ചായത്ത് പരിധികളിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി കൊണ്ട് സൂചന (1) പ്രകാരം ഉത്തരവായിട്ടുള്ളതാണ്. ബഹു.ആരോഗ്യ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 21.07.2024 ന് ചേർന്ന യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാൻ എന്ന നിലയിൽ ദുരന്തനിവാരണ നിയമം 2005 വകുപ്പ് 26(2) പ്രകാരവും, പൊതുജനാരോഗ്യ നിയമം 2023 വകുപ്പ് 42 പ്രകാരവും എന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് സൂചന (1) ലെ ഉത്തരവ് പ്രകാരമുള്ള നിയന്ത്രണങ്ങൾക്ക് പുറമേ ചുവടെ ചേർത്തിട്ടുള്ള നിയന്ത്രണങ്ങൾ കൂടി ഏർപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു.

22.07.2024 തിയതിയിൽ പ്ലസ് വൺ അലോട്ട്മെന്റ് (സ്കൂൾ ട്രാൻസ്ഫർ) നടക്കുന്നതിനാൽ നിയന്ത്രണങ്ങൾ നിലവിലുള്ള പാണ്ടിക്കാട്, ആനക്കയം പഞ്ചായത്ത് പരിധിയിലുള്ള സ്കൂളുകളിൽ അഡ്മിഷനായി വരുന്ന വിദ്യാർത്ഥികളും, ജില്ലയിലെ മറ്റ് സ്കൂളുകളിലേക്ക് അഡ്മിഷനായി പോകുന്ന മേൽ പഞ്ചായത്തുകളിലെ വിദ്യാർത്ഥികളും, സ്കൂൾ അധികൃതരും താഴെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1. പാണ്ടിക്കാട്, ആനക്കയം പഞ്ചായത്ത് പരിധിയിൽ നിന്നും ജില്ലയിലെ മറ്റ് സ്കൂളുകളിലേക്ക് പോകുന്ന കോൺടാക്ട് ലിസ്റ്റിൽ ഉൾപ്പെടുന്ന വിദ്യാർത്ഥികൾ ഉണ്ടെങ്കിൽ പൊതു ഗതാഗത മാർഗ്ഗങ്ങൾ ഉപയോഗിക്കുവാൻ പാടുള്ളതല്ല.
2. ഇപ്രകാരം പോകുന്ന വിദ്യാർത്ഥികൾ നിർബന്ധമായും N95 മാസ് ധരിക്കേണ്ടതും, സാമൂഹിക അകലം പാലിക്കേണ്ടതുമാണ്.
3. അഡ്മിഷനായി പോകുന്ന വിദ്യാർത്ഥികളെ ഒരു രക്ഷിതാവ് മാത്രമേ അനുഗമിക്കുവാൻ പാടുള്ളൂ. ഇപ്രകാരം അനുഗമിക്കുന്ന രക്ഷിതാവും N95 മാസ്ക് ധരിക്കേണ്ടതും, സാമൂഹിക അകലം പാലിക്കേണ്ടതുമാണ്.
4. അഡ്മിഷനായി പോകുന്ന സമ്പർക്ക പട്ടികയിലുള്ള വിദ്യാർത്ഥികളുടെയും അനുഗമിക്കുന്ന രക്ഷിതാക്കളുടെയും വിവരങ്ങൾ കൺട്രോൾ റൂം നമ്പരിൽ വിളിച്ച് അറിയിക്കേണ്ടതാണ്. (0483-2732010, 0483-2732050)

5. പാണ്ടിക്കാട്, ആനക്കയം പഞ്ചായത്ത് പരിധിയിൽ ടർഫുകൾ, ജിംനേഷ്യങ്ങൾ, മറ്റ് കായിക വിനോദ കേന്ദ്രങ്ങൾ എന്നിവ പ്രവർത്തിക്കുവാൻ പാടുള്ളതല്ല.
6. മേൽ സൂചിപ്പിച്ചിട്ടുള്ള പ്രദേശങ്ങളിൽ നിന്നും ജോലി ആവശ്യാർത്ഥം യാത്ര ചെയ്യുന്നവർ രോഗവ്യാപനം തടയുന്നതിനുള്ള എല്ലാ വിധ സുരക്ഷാ മുൻകരുതലുകളും സ്വീകരിക്കേണ്ടതാണ്.
7. സമ്പർക്ക പട്ടികയിലുള്ളവർ കർശനമായും ആരോഗ്യ പ്രവർത്തകരുടെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

ഇതിനു പുറമേ പ്ലസ് വൺ അലോട്ട്മെന്റിനായി പോകുന്ന ജില്ലയിലെ എല്ലാ വിദ്യാർത്ഥികളും അവരെ അനുഗമിക്കുന്ന രക്ഷിതാക്കളും നിർബന്ധമായും N95 മാസ്ക് ധരിക്കേണ്ടതും, സാമൂഹിക അകലം പാലിക്കേണ്ടതുമാണ്. ജില്ലയിലെ എല്ലാ സ്കൂൾ മേധാവികളും അഡ്മിഷൻ നേടാൻ വരുന്നവർ കൂട്ടം ചേരാതെ സാമൂഹിക അകലം പാലിച്ചുകൊണ്ട് അഡ്മിഷൻ നൽകാനുള്ള ക്രമീകരണങ്ങൾ ഒരുക്കേണ്ടതാണ്. സ്കൂൾ മേധാവികൾ ഹാൻഡ് വാഷ്, സാനിറ്റൈസർ എന്നീ സൗകര്യങ്ങൾ സ്കൂളുകളിൽ ഒരുക്കേണ്ടതാണ്.

മേൽ ഉത്തരവ് കർശനമായും പാലിക്കപ്പെടുന്നുണ്ടെന്ന് ജില്ലാ പോലീസ് മേധാവി/ റീജ്യണൽ ഡെപ്യൂട്ടി ഡയറക്ടർ (ഹയർസെക്കണ്ടറി)/ ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ എന്നിവർ ഉറപ്പ് വരുത്തേണ്ടതാണ്. മേൽ ഉത്തരവ് ലംഘിക്കുന്നവർക്കെതിരെ 1897 ലെ പകർച്ച വ്യാധി തടയൽ നിയമം, 2005 ലെ ദുരന്തനിവാരണ നിയമം, ഭാരതീയ ന്യായ സംഹിത സെക്ഷൻ 223 എന്നിവ പ്രകാരം ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതാണ്.

ഇനിയൊരുത്തരവുണ്ടാകുന്നതു വരെ മേൽ പ്രതിപാദിച്ച നിയന്ത്രണങ്ങൾ ബാധകമായിരിക്കും.

COLLECTORATE MALAPPURAM Pin: 676 505 CIVIL STATION

21.7.24

ചെയർമാൻ, ജില്ലാ ദുരന്തനിവാരണ അതോറിറ്റി &
ജില്ലാ കളക്ടർ, മലപ്പുറം

പകർപ്പ് :- 1) ജില്ലാ പോലീസ് മേധാവി, മലപ്പുറം (ജില്ലയിലെ എല്ലാ സ്റ്റേഷൻ ഹൗസ് ഓഫീസർമാർ ക്കും ഈ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്.)

2 ) ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), മലപ്പുറം.(ജില്ലയിലെ എല്ലാ മെഡിക്കൽ ഓഫീസർമാർക്കും ഈ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്)

3) ജില്ലാ ഇൻഫർമേഷൻ ഓഫീസർ, മലപ്പുറം (പത്ര-ദൃശ്യ മാധ്യമങ്ങളിൽ പരസ്യപ്പെടുത്തുന്നതിനായി)

4) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, മലപ്പുറം (ജില്ലയിലെ എല്ലാ തദ്ദേശ സ്ഥാപന സെക്രട്ടറിമാർക്കും ഈ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്

5) റീജ്യണൽ ഡെപ്യൂട്ടി ഡയറക്ടർ (ഹയർസെക്കണ്ടറി)/ ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ, മലപ്പുറം.

6) എല്ലാ ജില്ലാ തല വകുപ്പ് മേധാവിമാർക്കും